# ആൾ(പിടിയൻ)ദൈവങ്ങളെക്കുറിച്ച് ഒരു പുസ്തകം

**സമൂഹത്തിന്റെ** പൊതുമണ്ഡലങ്ങളെ അരാഷ്ട്രീയവത്കരിച്ച് വിശ്വാസത്തിന്റെ പേരിൽ ബന്ദികളാക്കി തടിച്ചുകൊഴുക്കുന്ന കോർപ്പറേറ്റ് ആത്മീയതയുടെ പൊള്ളത്തരങ്ങൾ അടയാളപ്പെടുത്തുകയാണ് 'ആൾദൈവങ്ങളുടെ മതവും രാഷ്ടീയവും' എന്ന പുസ്തകം. എൻ.എ കരീം, കെ.ഇ.എൻ, ബാലചന്ദ്രൻ വടക്കേത്ത്, ഒ. അബ്ദുർറഹ്മാൻ, കെ.സി വർഗീസ്, സി.ആർ നീലകണ്ഠൻ, കെ. സുനിൽകുമാർ, വി.എ കബീർ, മുഹമ്മദ് ശമീം, കെ.ടി ഹുസൈൻ എന്നിവരുടെ ലേഖനങ്ങളുടെ സമാഹാരമാണീ കൃതി.

ആത്മീയതയുടെ കച്ചവടകേന്ദ്രങ്ങൾ നമ്മുടെ ജനാധിപത്യ സംവിധാനത്തിനു നേരെ വെല്ലുവിളി ഉയർത്തുന്നുണ്ടെന്ന് ഭഗവാൻ രജനീഷിനെ ഉദാഹരിച്ച് എൻ.എ കരീം പറയുന്നു. ഗവൺമെന്റിനെ പോലെ സമാന്തര സംവിധാനങ്ങൾ ഒരുക്കിയാണിവർ ജനാധിപത്യത്തെ മൗനിയാക്കുന്നത്. ഇത്തരം (ദു)ശക്തികളെ മലയാളത്തിൽ എന്തു പേരിട്ടു വിളിക്കാമെന്നതു സംബന്ധിച്ച സന്ദേഹം ഇപ്പോഴും നിലനിൽക്കുന്നു. ആൾദൈവം, വ്യാജ സിദ്ധൻ തുടങ്ങിയ പ്രയോഗങ്ങളിലെ അന്തക്കേടും അഭംഗിയും ഇതിനകം ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ട്. ഈ പശ്ചാത്തലത്തിലാണ് ആൾദൈവങ്ങളോ ആൾപിടിയൻ ദൈവങ്ങളോ എന്ന കെ.ഇ.എന്നിന്റെ ചോദ്യം പ്രസക്തമാകുന്നത്. എല്ലാം ചരക്കുകളാക്കി ഭംഗിയായി പൊതിഞ്ഞ് മനോഹരമായ ലേബലൊട്ടിച്ച് വിപണിയിലിറക്കി സകല മാധ്യമങ്ങളിലൂടെയും പരസ്യം നൽകി വിറ്റ് ലാഭം കൊയ്യലാണ് ആധുനിക മുതലാളിത്തത്തിന്റെ ലക്ഷ്യം. ഇതാണ് ആധുനിക കൾട്ടുകളുടെയും ഇടം. ഇവക്ക് രംഗമൊരുക്കുന്നതിലാകട്ടെ കമ്പോള മുതലാളിത്തത്തിന്റെ ആർത്തിയും ഭോഗാസക്തിയും സമൂഹത്തിൽ സൃഷ്ടിച്ച അധ്യാത്മിക ശൂന്യതക്ക് പങ്കുണ്ട്.

ഗുരുബാവ എന്ന സോമൻ, ശ്രീശ്രീ രവിശങ്കർ എന്നിവരെ മുൻനിർത്തി സന്യാസത്തിന് പുനർനിർവചനം ആവശ്യപ്പെടുകയാണ് ബാലചന്ദ്രൻ വടക്കേടത്ത്. പാരമ്പര്യ ആത്മീയ നേതൃത്വവുമായി പുതിയവരെ താരതമ്യം ചെയ്യാവുന്ന ഘടകങ്ങളില്ലെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടുന്നു. ഓഷോയെ ഗാന്ധിയുമായി താരതമ്യം




ചെയ്ത ആഷാമേനോൻ വിമർശവിധേയനാകുന്നു.

സംഘ്പരിവാർ അജണ്ടകളാണ് ആൾദൈവങ്ങളിലൂടെ സവർണാധിപത്യം കൊണ്ടുവരുന്നത്. ബ്രാഹ്മണിസ്റ്റ് ഹിന്ദുത്വത്തിനെതിരെ കീഴാള പോരാട്ടം ശക്തിപ്പെട്ട കേരളത്തിൽ സവർണാധിപത്യത്തിലേക്ക് ആട്ടിത്തെളിക്കുന്ന ആൾദൈവ അവതാരങ്ങൾക്കെതിരെ പോരാട്ടം ശക്തിപ്പെടണമെന്നാണ് പത്രപ്രവർത്തകൻ കെ. സുനിൽ കുമാർ ആവശ്യപ്പെടുന്നത്. ജീവിതം മൊത്തത്തിൽ മനുഷ്യനും ദൈവവും പിശാചും ചേർന്ന് നടത്തുന്ന ചൂതുകളിയാണെന്ന് പ്രചരിപ്പിക്കുന്ന ഇവാഞ്ചലിസ്റ്റ് ടി.വി ചാനലുകൾ, ആത്മീയതയെ ഒരുതരം മയക്കുമരുന്നും ആൾകൂട്ട അപസ്മാരവുമാക്കിയിട്ടുണ്ടെന്ന് വിമോചന ദൈവശാസ്ത്ര വക്താവ് കെ.സി വർഗീസ് എഴുതുന്നു. ഇതേ ഇവാഞ്ചലിസ്റ്റുകളാണ് പടിഞ്ഞാറൻ വലതുപക്ഷ രാഷ്ട്രീയത്തിന് കരുത്ത് പകരുന്നവർ. രാഷ്ട്രീയ അഴിമതികളിൽനിന്ന് ജനശ്രദ്ധ തിരിച്ചുവിട്ട് ആത്മീയതയെ പരലോക അജണ്ടയാക്കിയാണ് ഇവരുടെ മുന്നേറ്റം. ഇവരുടെ മാതൃക യേശുവല്ല. ചരിത്രം തിരുത്തി എഴുതിയ കോൺസ്റ്റന്റയിൻ ആണെന്നും വർഗീസ് അഭിപ്രായപ്പെടുന്നു.

സ്വൂഫിസത്തിലെ അരാഷ്ട്രീയ ആത്മീയതയും, അതിനു പിന്നിൽ ഉണ്ടാകാവുന്ന അമേരിക്കൻ ഇടപെടലുകളുമാണ് വി.എ കബീർ തന്റെ ലേഖനത്തിൽ അന്വേഷിക്കുന്നത്. ഉൾവലിഞ്ഞ രാഷ്ട്രീയത്തിന്റെ ചരിത്രം പറയുന്ന സ്വൂഫിസം ഇസ്ലാമിന്റെ ശുദ്ധ ആധ്യാത്മികതയെ പിൽക്കാലത്ത് എങ്ങനെയാണ് വികൃതമാക്കിയതെന്നും ലേഖകൻ വിവരിക്കുന്നുണ്ട്.

'വിമോചനാത്മകമായ ആത്മീയത' ഏതെന്ന അന്വേഷണമാണ് സി.ആർ നീലകണ്ഠൻ നടത്തുന്നത്. കേരളത്തിൽ യഥാർഥ ആത്മീയത വർധിക്കുകയാണെങ്കിൽ ജനം ഭൗതികതയിൽനിന്ന് അത്രയേറെ അകന്നതായി കാണണം; അതില്ല. സാമൂഹിക ജീവിതം ഏറെ അശാന്തവും മദ്യവും മയക്കുമരുന്നും കൂടുതൽ വ്യാപകവുമാണ്. അതിനാലാണ് നിലവിലെ ആത്മീയതകളെ സംശയിക്കേണ്ടിവരുന്നത്.

ആത്മീയതയുടെ തെറ്റും ശരിയും പരിശോധിക്കുകയാണ് പുസ്തകത്തിലെ ഏറ്റവും ബൃഹത്തും ദൈർഘ്യവുമുള്ള തന്റെ ലേഖനത്തിൽ മുഹമ്മദ് ശമീം. യഥാർഥ ആത്മീയാചാര്യന്മാർ സാമൂഹിക പരിഷ്കർത്താക്കളും വിപ്ലവകാരികളുമായിരുന്നു. സഹനം, സമരം, സേവനം എന്നിവയാണ് ഈ ആത്മീയതയുടെ മുഖങ്ങൾ. സമൂഹത്തിന്റെ കഴിവുകളെ സമൂഹനന്മക്കായി എങ്ങനെ വിനിയോഗിക്കണമെന്ന് മാർഗദർശനം ചെയ്യുന്നിടത്ത് സ്ഥാപനവത്കൃത മതങ്ങൾ പരാജയപ്പെട്ടു.

എഡിറ്റർ കെ.ടി ഹുസൈൻ എഴുതിയ 'നവ ആത്മീയത, അരാഷ്ട്രീയ സമൂഹം' എന്ന ലേഖനമാണ് അവസാനത്തേത്. ആത്മാവും ശരീരവും ചേർന്ന മനുഷ്യന്റെ, ശരീരത്തെക്കുറിച്ചു മാത്രം ചിന്തിച്ചതാണ് ആധുനിക ഭൗതികവാദത്തിന്റെ പരാജയത്തിനു കാരണം. തുടർന്ന് ലോകത്തെങ്ങും ആത്മീയതയിലേക്കുള്ള തിരിച്ചുപോക്ക് പ്രകടമാണ്. ഈ അനുകൂലാവസ്ഥ ചൂഷണം ചെയ്താണ് ആത്മീയ പ്രസ്ഥാനങ്ങൾ വേരുറപ്പിക്കാൻ ശ്രമിക്കുന്നത്.

110 പേജുകളിലായി 11 ഈടുറ്റ ലേഖനങ്ങളാണ് 'ആത്മീയതയുടെ മതവും രാഷ്ട്രീയവും' അന്വേഷിക്കുന്നത്. സോളിഡാരിറ്റി യൂത്ത് മൂവ്മെന്റ് പ്രസിദ്ധീകരിച്ച പുസ്തകം ഇസ്ലാമിക് പബ്ലിഷിംഗ് ഹൗസാണ് വിതരണം ചെയ്യുന്നത്. കെട്ടും മട്ടും നന്നായിട്ടുണ്ട്. സോളിഡാരിറ്റി യൂത്ത് മൂവ്മെന്റ് സംസ്ഥാന പ്രസിഡന്റ് പി. മുജീബുർറഹ്മാന്റെ മുഖക്കുറിപ്പ്. വില 45 രൂപ.

**റഫീഖുർറഹ്മാൻ മൂഴിക്കൽ**